"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

15 YEARS OF CELEBRATING THE MAHATMA

സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ് - സമാശ്വാസ തൊഴിൽ ദാന പദ്ധതി - കോഴിക്കോട് കോർപ്പറേഷനിൽ സാനിറ്റേഷൻ വർക്കർ - പി.ശ്രീമതിയുടെ മകൾ ശ്രീമതി.ധനലക്ഷ്മി.എൻ - സാനിറ്റേഷൻ വർക്കർ തസ്തികയിൽ നിയമനം നല്കുന്നതിന് അനുമതി നല്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(കൈ) നം.74/2022/LSGD തീയതി,തിരുവനന്തപുരം, 05-04-2022

പരാമർശം:-

1. 24/05/1999 തീയതിയിലെ സ.ഉ(പി)നം.12/99/ഉ.പ.ഭ.വ.
2. ശ്രീമതി.ധനലക്ഷ്മി.എൻ സമർപ്പിച്ച 21.12.2018 തീയതിയിലെ അപേക്ഷ.
3. നഗരകാര്യ ഡയറക്ടറുടെ 08.06.2020 തീയതിയിലെ ഇ4-21914 /2019 നമ്പർ കത്ത്.
4. 4/11/2013 തീയതിയിലെ 13184/ഉപ.സി2/2013/ഉഭപവ നമ്പർ സർക്കുലർ.
5. കോഴിക്കോട് ജില്ലാ കളക്ടറുടെ 16.07.2021 തീയതിയിലെ DCKKD/6756/2020-S4 നമ്പർ കത്ത്.

ഉത്തരവ്

സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിന് കോഴിക്കോട് കോർപ്പറേഷനിൽ സാനിറ്റേഷൻ വർക്കർ തസ്തികയിൽ സേവനമനുഷ്ഠിച്ചുവരവേ 09.11.2017 തീയതിയിൽ മരണമടഞ്ഞ പി.ശ്രീമതിയുടെ മകൾ ശ്രീമതി.ധനലക്ഷ്മി.എൻ (ഡോ.അംബേദ്കർ കോളനി,മലാപറമ്പ് പി.ഒ, കോഴിക്കോട് ,673009) അപേക്ഷ സമർപ്പിച്ചിരുന്നു. പി.ശ്രീമതിയുടെ സേവനകാലം 27 വർഷവും 06 മാസവുമാണ് . സർവീസ് സർട്ടിഫിക്കറ്റ് പ്രകാരം പരേതയുടെ ജനന തീയതി , സർവ്വീസിൽ പ്രവേശിച്ച തീയതി എന്നിവ യഥാക്രമം 12.04.1959 , 10.05.1990 ആണ്. നഗരകാര്യ ഡയറക്ടറും കോഴിക്കോട് ജില്ലാ കളക്ടറും അപേക്ഷകയ്ക്ക് ജോലി നല്കുന്നതിന് ശിപാർശ ചെയ്തിട്ടുണ്ട്.

2. അപേക്ഷക 9-ാം തരം വരെ പഠിച്ചിട്ടുള്ളതും ടിയാരിയുടെ ജനന തീയതി 17.12.1980 എന്നതുമാണ്. ജോലി ലഭിക്കുന്നതിനായി സമർപ്പിച്ച അപേക്ഷ നിശ്ചിത സമയ പരിധിക്കുള്ളിൽ(21.12.2018) ടിയാരി സമർപ്പിച്ചിട്ടുണ്ട്. ഈ ജോലിക്കായി പരേതന്റെ ആശ്രിതരിൽ മറ്റാരും തന്നെ അപേക്ഷിച്ചിട്ടില്ലായെന്ന് കോഴിക്കോട് കോർപ്പറേഷൻ സെക്രട്ടറി വ്യക്തമാക്കിയിട്ടുണ്ട്. പരേതയുടെ മറ്റവകാശിയായ മകൻ അപേക്ഷകയ്ക്ക് ജോലി നൽകുന്നതിന് സമ്മതപത്രം സമർപ്പിച്ചിട്ടില്ല. എന്നാൽ പരാമർശം 4 പ്രകാരം ശ്രീമതി.ധനലക്ഷ്മി.എൻ-ന് അശ്രിത നിയമനത്തിന് അർഹതയുണ്ട്. ടിയാരിയുടെ കുടുംബ വാർഷിക വരുമാനം 72,000/- രൂപയാണെന്ന് (എഴുപത്തിരണ്ടായിരം രൂപ മാത്രം) വേങ്ങേരി വില്ലേജ് ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. അപേക്ഷക മരണപ്പെട്ട ജീവനക്കാരിയെ ആശ്രയിച്ചു കഴിയുകയായിരുന്നു എന്ന് കോഴിക്കോട് തഹസിൽദാർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

3.സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. കോഴിക്കോട് കോർപ്പറേഷനിൽ സാനിറ്റേഷൻ വർക്കർ തസ്തികയിൽ സേവനമനുഷ്ഠിച്ചുവരവേ 09.11.2017 തീയതിയിൽ മരണമടഞ്ഞ പി.ശ്രീമതിയുടെ മകൾ ശ്രീമതി.ധനലക്ഷ്മി.എൻ-ന് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം , കോഴിക്കോട് കോർപ്പറേഷനിലോ കോഴിക്കോട് ജില്ലയിലെ മറ്റേതെങ്കിലും നഗരസഭയിലോ സാനിറ്റേഷൻ വർക്കർ തസ്തികയിൽ തസ്തികയിൽ പരാമർശം 1 ലെ ഉത്തരവ് പ്രകാരം നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു .

4. ബന്ധപ്പെട്ട നഗരസഭാ സെക്രട്ടറി/അർബൻ അഫയേഴ്സ് ഡയറക്ടർ ഒഴിവിന്റെ ലഭ്യതയനുസരിച്ച് മേൽപറഞ്ഞ അപേക്ഷകയ്ക്ക് നിയമന ഉത്തരവ് നല്കേണ്ടതാണ്. ടിയാരിയെ സർവ്വീസിൽ പ്രവേശിപ്പിക്കുന്നതിന് മുമ്പ് സർട്ടിഫിക്കറ്റുകളുടെ അസ്സൽ വാങ്ങി പരിശോധിച്ച് ബോധ്യപ്പെടേണ്ടതും ചട്ട പ്രകാരമുള്ള മറ്റെല്ലാ നടപടി ക്രമങ്ങളും പാലിക്കേണ്ടതുമാണ്. നിയമന വിവരം മരണമടഞ്ഞ ജീവനക്കാരിയുടെ സേവന പുസ്തകത്തിൽ രേഖപ്പെടുത്തി നിയമനാധികാരി സൂക്ഷിക്കേണ്ടതാണ്. അപേക്ഷകയ്ക്ക് നല്കുന്ന നിയമന ഉത്തരവിന്റെ പകർപ്പ് പരിശോധനയ്ക്കായി സർക്കാരിൽ ലഭ്യമാക്കേണ്ടതാണ്.

5. ഈ ജോലി ലഭിക്കുന്നതിലേക്കായി അപേക്ഷക തെറ്റായ വിവരങ്ങൾ നൽകിയെന്ന് ബോധ്യപ്പെടുന്ന പക്ഷം ഈ ഉത്തരവ് റദ്ദാക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

രമണി മാത്യു

അഡിഷണൽ സെക്രട്ടറി

പകർപ്പ്:

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

ജില്ലാ കളക്ടർ , കോഴിക്കോട്.

സെക്രട്ടറി, കോഴിക്കോട് കോർപ്പറേഷൻ(നഗരകാര്യ ഡയറക്ടർ മുഖേന)

ശ്രീമതി.ധനലക്ഷ്മി.എൻ , ഡോ.അംബേദ്കർ കോളനി,മലാപറമ്പ് പി.ഒ, കോഴിക്കോട് .673009.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)

കരുതൽ ഫയൽ/ഓഫീസ് കോപ്പി(ഇയു4/80/2020-തസ്വ.ഭ.വ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ